**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 129** **13-02-2025 - ൽ മറുപടിയ്ക്ക്**

**അടുത്ത തലമുറയിലെ ഉന്നതവിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എ. രാജ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അടുത്ത തലമുറയിലെ ഉന്നതവിദ്യാഭ്യാസം എന്ന വിഷയത്തിൽ വിവിധ മേഖലകളിലുള്ള വിദഗ്ദരെ ഉൾപ്പെടുത്തി അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിച്ചിട്ടുണ്ടോ; എന്തെല്ലാം കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളം നടത്തിക്കൊണ്ടിരിക്കുന്ന നിരവധി പരിഷ്കാരങ്ങളുടെ തുടർച്ചയായി അന്താരാഷ്ട്ര തലത്തിലുള്ള ഉന്നത വിദ്യാഭ്യാസ രീതികളെയും പുതുതലമുറയിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെയും കുറിച്ച് ആഴത്തിലും പരപ്പിലും ചർച്ച ചെയ്യുക എന്ന ലക്ഷ്യത്തിലാണ് ജനുവരി 14, 15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ (CUSAT) വച്ച് 'ഷേപ്പിങ് കേരളാസ് ഫ്യൂച്ചർ ഇന്റർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ്-ജെൻ-ഹയർ എജ്യൂക്കേഷൻ' എന്ന പേരിൽ അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിച്ചത്. |
| (ബി) | പ്രസ്തുത കോൺക്ലേവിൽ നടന്ന ചർച്ചകളിൽ ഉയർന്നുവന്ന ആശയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ഉന്നത വിദ്യാഭ്യാസത്തിൽ നിർമ്മിത ബുദ്ധിയുടെ സംയോജനം, സാമ്പത്തിക സുസ്ഥിരത, അന്താരാഷ്ട്രവൽക്കരണം, ഗവേഷണമികവ്, സുസ്ഥിര വികസനം കരിക്കുലത്തിൽ സംയോജിപ്പിക്കൽ, ഉന്നത വിദ്യാഭ്യാസത്തെ ഭാവി തൊഴിൽ സാധ്യതകളുമായി ബന്ധിപ്പിക്കൽ, ട്രാൻസ്ലേഷണൽ റിസർച്ച്, ടീച്ചർ എഡ്യൂക്കേഷൻ, അക്കാദമിക് ലൈബ്രറികൾ, ഗവേഷണ ഫലങ്ങളും നയരൂപീകരണവും, ഗ്രാജുവേറ്റ് ട്രാക്കിങ് സിസ്റ്റം, ചരിത്രാന്വേഷണത്തിന്റെ ഭാവി, ആർട്ട് എഡ്യൂക്കേഷൻ, ഇൻഡസ്ട്രി, അക്കാഡമിയ പങ്കാളിത്തം, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ പരിഷ്കരണങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ കോൺക്ലേവ് ചർച്ച ചെയ്തു.<br><br>കേരളാ ഡയസ്പോറയുടെ സഹകരണം ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ ഒരു സംവിധാനം ഒരുക്കുന്നതിനും ഇൻഡസ്ട്രി-അക്കാദമിയ ബന്ധം |

| | | | |
|---|---|---|---|
| | | | **ഉറപ്പിക്കുന്നതിന് ഒരു സംവിധാനം തയ്യാറാക്കുന്നതിനും ഉള്ള നിർദ്ദേശം ഉണ്ടായിട്ടുണ്ട്. ട്രെയിനിങ് പ്രോഗ്രാമുകൾ വഴി അന്താരാഷ്ട്ര തലത്തിൽ സ്ഥാപനങ്ങളുമായി ബന്ധം വളർത്തും. പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിയ്ക്കും.** |
| (സി) | പ്രസ്തുത ആശയങ്ങൾ പ്രയോഗതലത്തിൽ എത്തിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമോയെന്നും പോസ്റ്റ് കോൺക്ലേവുകൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ? | (സി) | **അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവിൽ ഉരുത്തിരിഞ്ഞ് വന്ന വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഭാവി കർമ്മപദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കോൺക്ലേവിന് തുടർച്ചയായി വിദേശ വിദ്യാർത്ഥികൾക്ക് ആതിഥേയത്വം വഹിക്കാൻ കഴിയുന്ന സ്ഥാപനങ്ങളിലെ അധ്യാപകരെ പരിശീലിപ്പിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ചിട്ടുണ്ട്.**<br><br>**വിദേശ സർവ്വകലാശാലകളുമായി ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇത്തരം തന്ത്രപരമായ നടപടികൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിന് ദേശീയ-അന്തർദേശീയ തലത്തിൽ ശ്രദ്ധ ലഭിക്കുന്നതിന് സഹായകരമാകും. കോൺക്ലേവിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ മറ്റു തുടർ നടപടികൾ ആവിഷ്കരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ